പതിമൂന്നാം കേരള നിയമസഭ
13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 749 — 11.03.2015-ൽ മറുപടിയ്ക്ക്

## വൈപ്പിൻ മുനമ്പം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോയെന്നും ഇത് തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കാമോ; | എ | ഉണ്ടായിരുന്നു. ഒരു ഡോക്ടർ മാത്രം ഉണ്ടായിരുന്ന കാലയളവിൽ കിടത്തി ചികിത്സ താത്ക്കാലികമായി നിർത്തി വെച്ചിരുന്നു. ഇപ്പോൾ കിടത്തി ചികിത്സ ലഭ്യമാണ്. |
| ബി | നിലവിൽ എത്ര ഡോക്ടർമാരുടെ സേവനംപ്രസ്തുത ആശുപത്രിയിൽ ലഭ്യമാണെന്നും കിടത്തിച്ചികിത്സ തുടരുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; | ബി | നിലവിൽ രണ്ട് അസിസ്റ്റന്റ് സർജന്മാരുടെ സേവനം ലഭ്യമാണ്. 02/06/21961 ലെ ജി.ഒ (ആർ.റ്റി) 3150/61/ഹെൽത്ത് പ്രകാരമുള്ള സ്റ്റാഫ് പാറ്റേണിലുള്ള സ്റ്റാഫ് ഉണ്ട്. ക്ലാർക്കും, ഓഫീസ് അറ്റൻഡന്റും ഇല്ല. |
| സി | ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | സി | ഒ.പി-കളുടെ എണ്ണം കൂടുതലായതുകൊണ്ട് രണ്ട് ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. അതിൽ ഒരാൾ അഡ്ഹോക്ക് നിയമനമാണ്. കാലാവധി കഴിയുന്ന 2015 ഏപ്രിലിൽ അവർ പിരിയുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ